दूरभाष / Phone: 0481-2301231, ऐक्स्टे/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब् जेल रोड, कोट्टयम 686 002
केरल राज्य, भारत

प्रचार व जनसंपरक प्रभाग

THE RUBBER BOARD
(Government of India, Ministry of Commerce & Industry)
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 002
KERALA STATE, INDIA.

PUBLICITY AND PUBLIC RELATIONS DIVISION

Ref.No:48/1(PRM-37)/2019-20/PUB

പ്രസ്സ് റിലീസ്

## റബ്ബറിന്റെ വിളവെടുപ്പിൽ പരിശീലനം

കോട്ടയം
08 ആഗസ്റ്റ് 2019

റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2019 ആഗസ്റ്റ് 20, 21 തീയതികളിൽ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്‌രീതികൾ, ഉത്തേജകഔഷധപ്രയോഗം എന്നിവ രണ്ടുദിവസത്തെ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ). പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിനത്തിൽ 50 ശതമാനം ഇളവു ലഭിക്കും. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവ് നൽകും. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം.

പരിശീലനഫീസ് ഡയറക്ടർ (ട്രെയിനിങ്), റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം - 686 009 എന്ന പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ 1450300184 (ഐ.എഫ്.എസ്. കോഡ് - CBIN 0284150) എന്ന അക്കൗണ്ടിലേക്ക് അടയ്ക്കാം. പണമടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ ഫോൺ നമ്പരും ഇമെയിലായി training@rubberboard.org.in-ലേക്ക് അയയ്ക്കേണ്ടതാണ്. ഫോൺ : 0481- 2353127, 2351313

അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)